# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

ഒക്ടോബർ 2024

ചീഫ് എഡിറ്റർ : ഫാത്തിമ മഹ്ജബിൻ എഡിറ്റർ : ആയിഷ തൻഹ അനുഷിമ പി അഖിന കെ പി ഫാത്തിമ ഷെറിൻ കെ ടി നന്ദന വിജയ് സ്റ്റാഫ് എഡിറ്റർ റീഷ പി


## ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിച്ചു



കൊടുവള്ളി: കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് ഫെസ്റ്റ് 'ലിറ്ററ 2024'സംഘടിപ്പിച്ചു. ഒരാഴ്ച നീണ്ടു നിന്ന സ്റ്റേജിതര മത്സരങ്ങൾക്ക് ശേഷം ഒരു ദിവസത്തെ സ്റ്റേജ് മത്സരങ്ങളും നടത്തി. ഇംഗ്ലീഷ് കഥാരചന, കവിതാരചന, ചിത്ര വർണ്ണന ,പദ്യപാരായണം, പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം ,കൊറി യോഗ്രാഫി .സ്കിറ്റ് ലൈവ് കമന്ററി തുടങ്ങിയ വിവിധ പരിപാടികൾ ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ അവതരിപ്പിച്ചു. സ്റ്റേജ് മത്സരങ്ങൾ പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആ ർ വി ഉദ്ഘാ ടനം ചെയ്തു. ചടങ്ങിൽ പ്രധാനാധ്യാപിക സുബിത ടീച്ചർ അധ്യക്ഷ തവഹിച്ചു. ചടങ്ങിൽ യുപി സീനിയർ നിഷ ടീച്ചർ, സ്റ്റാഫ് സെക്രട്ട റി ഒ കെ മധു സാർ, ഹൈസ്കൂൾ യുപി എസ് ആർ ജി കൺവീനർമാരായ ബഷീർ കെ എൻ സർ, അസീസ ടീച്ചർ, ഇംഗ്ലീഷ് അധ്യാപകരായ സുബൈദ ,സെബാസ്റ്റ്യൻ ,ദിവ്യ, റീഷ എന്നിവരും ചടങ്ങിൽ സംസാരിച്ചു. ഇംഗ്ലീഷ് അധ്യാപകരായ സുബൈദ വി, ദിവ്യ എം കെ, റീഷ പി എന്നീ അധ്യാപ കരുടെ നേതൃത്വത്തിലാണ് പരിപാടി കൾ സംഘടിപ്പിച്ചത്.

## സ്കൂൾ തല ക്യാമ്പ്



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള സ്കൂൾതല ക്യാമ്പ് നടന്നു 2023 26 ബാച്ചിലെ വിദ്യാർത്ഥികൾക്കാണ് ഏകദിന ക്യാമ്പ് നടത്തിയത്. എച്ച് എം ഇൻ ചാർജ് കെ ജെ സെബാസ്റ്റ്യൻ സാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മിസ്ട്രസുമാരായ ഗോപകുമാർ സി ടി റീഷ പി എന്ന അധ്യാപകരും സംസാരിച്ചു. നരിക്കുനി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ആയ ബർക്കത്തുള്ള സാറും ഗോപകുമാർ സാറും ആണ് ക്ലാസുകൾ കൈകാര്യം ചെയ്തത്. ആനിമേഷൻ സ്ക്രാച്ച് എന്നീ വിഭാഗങ്ങളിലാണ് കുട്ടികൾക്ക് പ്രത്യേകം കോച്ചിംഗ് നൽകിയത്. സ്കൂളിലെ 2023-26 ബാച്ചിലെ 39 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ക്ലാസിൽ മികച്ച പെർഫോമൻസ് കാഴ്ച വയ്ക്കുകയും തുടർന്ന് നൽകുന്ന അസൈൻമെന്റ് ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിക്കുകയും ചെയ്യുന്ന എട്ടു കുട്ടികളെ ഉപജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കാം . രാവിലെ 9 30 മുതൽ വൈകുന്നേരം 4 30 വരെയായിരുന്നു ഏകദിന ക്യാമ്പ് സംഘടിപ്പിച്ചത്.

## ഗാന്ധിജയന്തി

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ഗാന്ധിജയന്തി വിവിധ പരിപാടികളോടെ ആഘോഷിച്ചു. ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ സ്കൂൾ വൃത്തി യാക്കി. തുടർന്ന് എസ് എസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ വിവിധ പരിപാടികൾ നടത്തി. ഗാന്ധിജയന്തി ക്വിസ്, പ്രഭാഷ ണം, ഗാന്ധിജിയെ ക്യാൻവാസിൽ വരക്കൽ, ക്ലാസ് തലഗാന്ധി പതിപ്പ് നിർമ്മാണം തുടങ്ങിയ വിവിധ പരിപാടികളോടെ ആഘോഷിച്ചു. എസ്പി സി യുടെ ആഭിമുഖ്യത്തിൽ സ്റ്റുഡൻസ് പോലീ സ് കേഡറ്റുകൾ എല്ലാ ക്ലാസുകളിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## സ്പോർട്സിൽ മികച്ച വിജയവുമായി

കൊടുവള്ളി : കൊടുവള്ളി ഉപജില്ല കായിക മേളയിൽ കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ മികച്ച വിജയം കൈവരിച്ചു. കൊടുവള്ളി ഉപജില്ല കായികമേളയിൽ വിവിധ പരിപാടികളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. ഒട്ടേറെ കുട്ടികൾക്ക് ജില്ലാ കായികമേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു. ഇൻക്ലൂസീവ് സ്പോർട്സ് ബാഡ്മിന്റൺ മത്സരത്തിൽ പത്താം ക്ലാസിലെ മുഹമ്മദ് ഷാമിൽ എന്ന വിദ്യാർത്ഥിക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. എട്ടാം ക്ലാസിലെ മുഹമ്മദ് നാസ്മി എന്ന വിദ്യാർത്ഥി സംസ്ഥാനതല ബാഡ്മിന്റണിൽ മത്സരിക്കാൻ യോഗ്യത നേടി. നീന്തൽ വിഭാഗത്തിൽ ഒട്ടേറെ കുട്ടികൾക്ക് ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ഉപജില്ലാ തല അത്‌ലറ്റിക്സ് 400 മീറ്റർ ജൂനിയർ ബോയിസ് വിഭാഗത്തിൽ മുഹമ്മദ് ലിബാൻ ഒന്നാം സ്ഥാനം നേടി. ഹയർ സെക്കൻഡറി വിഭാഗത്തിൽ വുഷു മത്സരത്തിൽ അനസ് വിജയിച്ചു. നീന്തൽ മത്സരത്തിൽ മുഹമ്മദ് അജ്‌ലാൻ, ഫിന ഫഹദ് ,ഇജ്ജ സമീൽ എന്നീ വിദ്യാർത്ഥികൾ ജില്ലയിലേക്ക് മത്സരിക്കാൻ യോഗ്യത നേടി.

## പിടിഎ മീറ്റിങ്ങുകൾ



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പാദവാർഷിക പരീക്ഷയ്ക്ക് ശേഷം അഞ്ചു മുതൽ 10 വരെ ക്ലാസിലെ രക്ഷിതാക്കൾ ക്കുള്ളമീറ്റിംഗ് നടത്തി. എല്ലാ ക്ലാസ്സുകളിലെയും പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളെ അനുമോദിച്ചു. ബി ആർ സി ട്രെയിനർ ഷൈജ ടീച്ചറുടെ പ്രഭാഷണം യു പി വിഭാഗം മീറ്റിങ്ങുകളെ വേറിട്ടതാക്കി. ആറാം ക്ലാസിലെ മീറ്റിങ്ങിൽ നാസ് പരീക്ഷയെ കുറിച്ച് രക്ഷിതാക്കൾക്ക് വിശദീകരിച്ചുനൽകി. ചടങ്ങിൽ യുപി ഹൈസ്കൂൾ വിഭാ ഗം സീനിയർ അധ്യാപകർ ,എസ്.ആർ ജി കൺവീനർമാർ, ക്ലാസ് അ ധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു. ഹൈസ്കൂൾ വിഭാഗം മീറ്റിങ്ങിൽ ഓരോ രക്ഷിതാവിനും കുട്ടിക്കും എല്ലാ അധ്യാപകരെയും കാണാനും സംസാരി ക്കാനും അവസരം ഒ രുക്കി. പാദവാർഷിക പരീക്ഷ വിശകലനത്തിന് വേ ണ്ടിയുള്ള ഇത്തവണത്തെ ക്ലാസ് പിടിഎ മീറ്റിങ്ങുകൾ സാധാരണത്തെതിൽ നിന്നും വ്യത്യസ്തത പുലർത്തി.

## മേളകൾ

കൊടുവള്ളി : കൊടുവള്ളി ഉപജില്ല ശാസ്ത്ര സാമൂഹ്യ ശാസ്ത്രം ഗണിത ഐടി പ്രവർത്തി പരിചയ മേളകളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് നടന്ന ജില്ലാ മേളകളിലും കുട്ടികൾ പങ്കെടുത്ത് മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി. ഒക്ടോബർ 28 ,29 ,30 തീയ്യതികളിലായി ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന ഉപജില്ല യുവജനോത്സവത്തിൽ സ്കൂളിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു.യു പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 90 ഓളം മത്സരയിനങ്ങളിൽ കുട്ടികൾ മത്സരിച്ചു. പി സി ബിജു സാറിന്റെ നേതൃത്വത്തിൽ മറ്റ് അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾ ചിട്ടയായ പരിശീലനത്തോടെ പരിപാടികളിൽ പങ്കെടുത്തു. കുട്ടികൾ പരിപാടികളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.

## അനുമോദനം



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ അനുമോദിച്ചു പാദവാർഷിക പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളെയാണ് അനുമോദിച്ചത്. എല്ലാ ക്ലാസുകളിലെയും വിജയോത്സവം കൺവീനർമാരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.പ്രധാന അധ്യാപിക സുബിത ടീച്ചർ, 8, 9 ,10 ക്ലാസുകളിലെ ക്ലാസ് അധ്യാപകർ യുപി ,ഹൈസ്കൂൾ വിഭാഗം സീനിയർ അധ്യാപകരും എസ്.ആർ.ജി കൺവീനർമാരും പരിപാടിയിൽ പങ്കെടുത്തു.

## ജാഗ്രത ക്ലാസ്

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 5,6, 7 ക്ലാസിലെ പെൺകുട്ടികൾക്കായി ജാഗതാ ക്ലാസ് സംഘടിപ്പിച്ചു.



ഹൈസ്കൂൾ അധ്യാപിക ഫിർദൗസ് ഭാനു ടീച്ചറാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്. ചടങ്ങിൽ യു പി വിഭാഗം സീനിയർ അധ്യാപിക നിഷ ടീച്ചർ സ്വാഗതം പറഞ്ഞു. യു പി വിഭാഗം എസ്ആർ.ജീ കൺവീനർ അസീസ ടീച്ചർ ആശംസകൾ അറിയി ച്ചു. യുപി വിഭാഗം ജാഗ്രത ക്ലബ് കൺവീ നർ ഷൈജ ടീച്ചർ പരിപാടിക്ക് നന്ദി അറിയിച്ചു. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് ക്ലാസുകൾ സംഘടിപ്പിച്ചത്.

## ഒക്ടോബർ മാസത്തിലൂടെ

**ഒക്ടോബർ 1**
ലോകവയോജന ദിനത്തോടനുബന്ധിച്ച് എസ്പിസി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടത്തി. ഉപജില്ല ശാസ്ത്രമേളയോട് അനുബന്ധിച്ച് നടത്തിയ യുപി വിഭാഗം സയൻസ് ക്വിസ്സിൽ ദക്ഷ ടി കെ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഗാന്ധിജയന്തിയോട് അനുബന്ധിച്ച് സ്കൂളിൽ ശുചീകരണം നടത്തി.

**ഒക്ടോബർ 2**
ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പോസ്റ്ററുകൾ തയ്യാറാക്കി.

**ഒക്ടോബർ 3**
ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് നാസ് പരീക്ഷ നടത്തി. ഹൈസ്കൂൾ കുട്ടികൾക്കായി അസംബ്ലി നടത്തി.വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടന്ന പരിപാടികളിലെ വിജയികൾക്കും കലോത്സവ വിജയികൾക്കുള്ള അനുമോദനവും നടന്നു. ആറാം ക്ലാസിലെപിടിഎ മീറ്റിംഗ് നടന്നു.എസ് എസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ യുപി വിഭാഗത്തിൽ ഗാന്ധിജി ചിത്രരചന മത്സരം നടന്നു.

**ഒക്ടോബർ 4**
അഞ്ചാം ക്ലാസിലെ രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് നടന്നു. ലിറ്റിൽ കൈറ്റ്സ് ക്ലാസ് നടന്നു.

**ഒക്ടോബർ 5**
ശനിയാഴ്ച എൻ എം എം എസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ക്കായി സ്പെഷ്യൽ കോച്ചിംഗ് ക്ലാസ് സംഘടിപ്പിച്ചു.

**ഒക്ടോബർ 7**
ഏഴാം ക്ലാസിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് നടന്നു. ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഇംഗ്ലീഷ് ഫെസ്റ്റ് സ്റ്റേജിതര മത്സരങ്ങൾ ആരംഭിച്ചു. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിച്ചു

**ഒക്ടോബർ 8**
ലിറ്റിൽ കൈറ്റ്സ് 2023 -26 ബാച്ചിലെ വിദ്യാർത്ഥികൾക്കുള്ള യൂണി റ്റ് ക്യാമ്പ് നടന്നു. കുട്ടികൾക്ക് ഇംഗ്ലീഷ് ഉപന്യാസ രചനാ മത്സരം നടത്തി.

**ഒക്ടോബർ 9**
എൻഎസ്എസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് നടന്നു. ഉപജില്ലാ ശാസ്ത്രമേളയോട് അനുബന്ധിച്ച് നടക്കുന്ന സയൻസ് നാടക മത്സരത്തിൽ സ്കൂളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു. പാദവാർഷിക പരീക്ഷയിൽ ഉന്നത വിജയം നേടിയ എട്ടാം ക്ലാസിലെ വിദ്യാർത്ഥികളെ അനുമോദിച്ചു.

**ഒക്ടോബർ 10**
8, 9 ,10 ക്ലാസുകളിലെ രക്ഷിതാക്കൾക്കുള്ള മീറ്റിംഗ് നടന്നു.

**ഒക്ടോബർ 11**
മഹാനവമി പ്രമാണിച്ച് സ്കൂളിന് അവധി പ്രഖ്യാപിച്ചു.

**ഒക്ടോബർ 13**
ഇംഗ്ലീഷ് ഫെസ്റ്റിനോട് അനുബന്ധിച്ച് കാലിഗ്രഫി ,ചിത്ര വർണ്ണന തുടങ്ങിയ പരിപാടികൾ നടത്തി.

**ഒക്ടോബർ 14**
ഇൻക്ലൂസീവ് സ്പോർട്സ് ബാഡ്മിന്റൺ മത്സരത്തിൽ പത്താം ക്ലാസിലെ ശാമിൽ എന്ന വിദ്യാർത്ഥിക്ക് ബാഡ്മിന്റൺ മത്സരത്തിൽ സ്റ്റേറ്റിലേക്ക് സെലക്ഷൻ ലഭിച്ചു.

**ഒക്ടോബർ 15**
ഉപജില്ല ഗണിത സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ ഐടി മേളയിൽ കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തു. പ്രധാനാധ്യാപിക സുബിത ടീച്ചർ സ്കൂളിൽ ജോയിൻ ചെയ്തു.

**ഒക്ടോബർ 16**
രണ്ടു ദിവസങ്ങളിലായി നടക്കുന്ന ഉപജില്ല കായിക മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്തു. സ്കൂളിൽ നാസ് പരീക്ഷ നടത്തി ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ നടന്നു.
വിവിധ ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികളിലെ അനുമോദിച്ചു.

**ഒക്ടോബർ 17**
ലിറ്റിൽ കൈറ്റ്സ് ക്ലാസ് നടന്നു.

**ഒക്ടോബർ 18**
പിടിഎ ജനറൽ ബോഡി നടന്നു.

**ഒക്ടോബർ 21**
നാസ് മോഡൽ പരീക്ഷ നടന്നു. ഉപജില്ല ജെ ആർ സി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്വിസ് മത്സരത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച വിജയം കരസ്ഥമാക്കി.ഒമ്പതാം ക്ലാസിലെ മികച്ച വിജയം കൈവരിച്ച വിദ്യാർഥികൾക്കുള്ള അനുമോദനം നടത്തി. എസ് പി സി അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് നടന്നു.

**ഒക്ടോബർ 22**
ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് യുപി ഹൈസ്കൂൾ വിഭാഗങ്ങളിലായി വിവിധ പരിപാടികളോടെ നടന്നു.

**ഒക്ടോബർ 23**
വിദ്യാരംഗം ഉപജില്ലാ സാഹിത്യോത്സവത്തിൽ സ്കൂളിൽ നിന്നും കുട്ടികൾ വിവിധ പരിപാടികളിൽ പങ്കെടുത്തു. വൈ ഐ പി ആദ്യ സെലക്ഷനിൽ സ്കൂളിലെ 8 വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചു.സ്കൂളിൽ ഡിസിപ്ലിൻ കമ്മിറ്റി മീറ്റിംഗ് നടന്നു

**ഒക്ടോബർ 24**
ഉപജില്ലാ യുവജനോത്സവത്തിനോടനുബന്ധിച്ചുള്ള സ്റ്റേജിതര മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ഉപജില്ല നീന്തൽ മത്സരങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തു. യുപി വിഭാഗം ജാഗ്രതാ ക്ലബ്ബിന്റെ നേതൃത്വ ത്തിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസുകൾ നൽകി.

**ഒക്ടോബർ 25**
ജില്ലാ ശാസ്ത്രമേളയിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു. മുഹമ്മദ് നാസ്മി സംസ്ഥാനതല ബാഡ്മിന്റണിൽ മത്സരിക്കാൻ യോഗ്യത നേടി. സ്റ്റാഫ് മീറ്റിംഗ് നടന്നു.

**ഒക്ടോബർ 28**
ഡി എൽ ഡ് വിദ്യാർഥികൾക്കുള്ള ഐടി പരീക്ഷ സ്കൂൾ ഐടി ലാബിൽ വച്ച് നടന്നു. പത്താം ക്ലാസിലെ എ പ്ലസ് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പ്രത്യേക മീറ്റിംഗ് നടത്തി.

**ഒക്ടോബർ 28, 29,30**
ഈ ദിവസങ്ങളിലായി സബ്ജില്ലാ സ്കൂൾ യൂത്ത് ഫെസ്റ്റിവൽ ചക്കാലക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. സ്കൂളിലെ കുട്ടികൾ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു.

## ഒക്ടോബർ മാസത്തിലൂടെ......


















# ഫോട്ടോ ഗാലറി  ജി എച്ച് എസ് എസ്  കൊടുവള്ളി  ഒക്ടോബർ 2024


















## ഒക്ടോബർ മാസത്തിലൂടെ......























































**ലിറ്റിൽ കൈറ്റ്സ് മാസാന്ത്യ വാർത്താപത്രിക, റൂട്ടീൻ ക്ലാസ്സ്** | **ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തല ക്യാമ്പ്**











**ലിറ്റിൽ കൈറ്റ്സ് വിവിധ പ്രവർത്തനങ്ങളിലൂടെ**

**ഉപജില്ലാ ശാസ്ത്രമേളയിലൂടെ.........**



## ഒക്ടോബർ മാസത്തിലൂടെ ...................അസംബ്ലി, പിടിഎ മീറ്റിംഗ്, കുട്ടികളുടെ മികവിനുള്ള അനുമോദനം









5 ,6 ,8 ക്ലാസുകളിൽ നിന്നും മികച്ച വിജയം കരസ്ഥമാക്കിയവർ



NITC പെൺകുട്ടികൾക്കുള്ള പ്രോഗ്രാം



10 ഡിലെ കുട്ടികൾക്കൊപ്പ്



ക്ലാസ് ലീഡേഴ്സിനുള്ള മീറ്റിംഗ്



പിടിഎ മീറ്റിംഗ്



എസ് പി സി



ജെ ആർ സി



ഇംഗ്ലീഷ് ഫെസ്റ്റ് വിവിധ പരിപാടികൾ